**അനൗദ്യോഗികാംഗങ്ങളുടെ കാര്യം:**

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 19-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 19-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

P-27.06.2014 GK-VR-I
10.20- 10.30

**(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(V) 2014-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2014 -ലെ കേരള പോലീസ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രയേമം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള പോലീസ് ആക്ടിലെ 2014-ലെ 8-ാം നമ്പർ ആക്ടിലെ 23-ാം വകുപ്പിനുള്ള ഭേദഗതിയാണ് ബഹുമാനപ്പെട്ട മെമ്പർ എൻ. ഷംസുദ്ദീൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കേസന്വേഷണം ഉറപ്പുവരുത്തുന്നതിന് ക്രമസമാധാനപാലനവും കുറ്റാന്വേഷണവും ഒരു ഉത്തരവുമുഖേന 2014 ഡിസംബർ 31-ന് മുമ്പ് വേർതിരിക്കണമെന്നുള്ളതാണ്. സംസ്ഥാനത്ത് കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. രണ്ടുമൂന്ന് കാരണങ്ങൾ കൊണ്ടാണ്

അത് നടപ്പിലാകാതെ വന്നിട്ടുള്ളത്. പോലീസ് സേനയിലെ നിലവിലുള്ള അംഗങ്ങളുടെ പരിമിതിയും സാമ്പത്തികമായ പ്രയാസങ്ങളും കൊണ്ടാണ് ഇത് പ്രായോഗികമായി നടപ്പാക്കാനുള്ള ബുദ്ധിമുട്ടുകൾ വന്നിട്ടുള്ളത്. മൊത്തത്തിലുള്ള സ്പിരിറ്റിനെ ഗവൺമെന്റ് അംഗീകരിക്കുന്നുണ്ട്. കുറ്റാന്വേഷണം ക്രമസമാധാനപാലനവും പോലീസിന്റെ ആക്ടിവിക്ടിയാണ്. ഇത് രണ്ടും ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. അതിന്റെ പ്രായോഗികമായ പ്രശ്നമാണ് ഗവൺമെന്റ് അഭിമുഖീകരിക്കേണ്ടതായിട്ടുള്ളത്. അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുവെന്നുള്ളത് മുഖ്യമായ വിഷയമാണ്. തത്വത്തിൽ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ഉന്നയിച്ച ആവശ്യങ്ങൾ ന്യായമായിട്ടുള്ളതാണ്. കാസർഗോഡ് ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ കാസർഗോഡ് ജില്ലയിൽ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ടാക്കികൊണ്ട് അവിടെ പരീക്ഷണാർത്ഥത്തിൽ നടപടി നീക്കി കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ പോലീസ് ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ നടപടിയുമായി മുന്നോട്ടുപോവുകയാണ്. കാസർഗോഡ് ജില്ലയിൽ വിജയകരമാണെന്ന് കണ്ടാൽ സാമ്പത്തിക ശേഷിയും അംഗസംഖ്യയും കണക്കിലെടുത്തുകൊണ്ട് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. പ്രസ്തുത നിയമ ഭേദഗതിക്കും മറ്റുള്ള ഭേദഗതികൾക്കും പകരം ഇപ്പോൾത്തന്നെ നിയമം ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സഹചര്യത്തിൽ പ്രത്യേകമായ ഭേദഗതിയുടെ ആവശ്യമില്ല.

(V) 2014-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി, ഇതിൽ ഒരു ഭേദഗതിക്ക് ആധാരമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് പറഞ്ഞതിലുള്ള സന്തോഷം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. പോലീസ് ആക്ട് ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ആക്ടാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2010-ൽ വളരെ വലിയ ഭേദഗതി, സത്യത്തിൽ ഈ ആക്ട് തന്നെ പുനരാവിഷ്കരിക്കുന്ന വിധത്തിൽ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അന്ന് ശ്രീ. വി. ഡി. സതീശൻ നൽകിയ സംഭാവനകൾകൂടി ഈ സന്ദർഭത്തിൽ സ്മരിക്കുകയാണ്. വളരെ വലിയ ഒരു അമെന്റ്മെന്റ് ആ സമയത്ത് വരുത്തിയിട്ടുള്ളതാണ്. ഇവിടെ എട്ട് വകുപ്പുകൾക്കാണ് ഞാൻ ഭേദഗതി ഉന്നയിക്കുന്നത്. പോലീസ് ആക്ടിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതുപോലെ ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങളെക്കൂടി അഭിമുഖീകരിക്കുന്ന വിധത്തിലുള്ള ഭേദഗതികളാണ് ഓരോ സന്ദർഭത്തിലും ഉണ്ടാകേണ്ടത്. അതിൽ ഇവിടെ ചൂണ്ടിക്കാണിക്കുന്ന ഭേഗതികളിലൊന്ന് 23-ാം വകുപ്പിനുള്ള ഭേദഗതിയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും രണ്ടും രണ്ടാക്കണമെന്നുള്ളതാണ് പ്രധാനമായും അതിൽ പറഞ്ഞിരിക്കുന്നത്. സർക്കാർ സംസ്ഥാനത്ത് വേഗത്തിലുള്ളതും ഫലപ്രദവും മികവുള്ളതുമായ കേസന്വേഷണം ഉറപ്പുവരുത്തുന്നതിനായി ഒരു ഉത്തരവുമുഖേന ക്രമസമാധാനപരിപാലന ചുമതലയുള്ള പോലീസിൽ നിന്നും അന്വേഷണ ചുമതലയുള്ള പോലീസിനെ 2014 ഡിസംബർ 31-ന് മുമ്പായി വേർതിരിക്കണമെന്നാണ്. നിലവിലുള്ള ആക്ടിൽ പറയുന്നത് പോലീസിൽനിന്നും അന്വേഷണ ചുമതലയുള്ള പോലീസിനെ

വേർതിരിക്കാവുന്നതാണെന്നാണ്. ഇതിനൊരു മാൻഡേറ്ററി സ്വഭാവമില്ല. ഈ സംഗതി പ്രാവർത്തികമാകണമെങ്കിൽ ഈ ആക്ടിൽ "വേർതിരിക്കണം" എന്ന കർശനമായ സ്വഭാവത്തിലേയ്ക്ക് അത് മാറ്റണം. അത് നിർബന്ധമായും വേർതിരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, പോലീസ് ആക്ട് ഉണ്ടാക്കുന്ന സമയത്ത് വളരെ ഗൗരവതരമായി ചർച്ച ചെയ്യപ്പെട്ടകാര്യമാണ്. ലാ ആന്റ് ഓർഡറിനെയും ഇൻവെസ്റ്റിഗേഷനെയും ബൈഫർക്കേറ്റ് ചെയ്ത് രണ്ടായി തിരിച്ച് വേണമെന്നുള്ളത് എല്ലാ പോലീസ് കമ്മീഷനുകളിലും റിപ്പോർട്ട് ചെയ്ത പ്രധാനപ്പെട്ട കാര്യമാണ്. അഡ്മിനിസ്ട്രേഷൻ നേരിടുന്ന പ്രധാന പ്രശ്നം, പോലീസ് സേനാംഗങ്ങളുടെ കുറവാണ്. മാൻഡേറ്ററി ആയിട്ടുള്ള പ്രൊവിഷൻ പോലീസ് ആക്ടിൽ വച്ചാൽ ഗവൺമെന്റ് വലിയ പ്രതിസന്ധിയിലാകും. വളരെ കുറഞ്ഞ അംഗങ്ങളുള്ള പോലീസ് സേനയെ വച്ച് അത് കൈകാര്യം ചെയ്യാൻ പറ്റാത്ത അന്വേഷണവും ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും രണ്ടാക്കി മാറ്റാനുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഗവൺമെന്റിന് പെട്ടെന്ന് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെയൊരു പ്രൊവിഷൻ വച്ചത്. ബഹുമാനപ്പെട്ട മെമ്പർ മുന്നോട്ടുവയ്ക്കുന്ന കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇത് രണ്ടാക്കിത്തന്നെ തിരിക്കേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. പ്രായോഗിക ബുദ്ധിമുട്ടു കൂടി പരിഗണിക്കേണ്ടതല്ലേയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സമയപരിധി നമ്മൾ വച്ചില്ലെങ്കിൽ ഈ ഒരു പരിഷ്ക്കാരം നടപ്പിലാകാതെ പോകുമെന്നുള്ളതുകൊണ്ടാണ് അത്തരമൊരു ഭേദഗതി പറയുന്നത്. ആ ഒരു വകുപ്പിൽ മാത്രമല്ല, തൊട്ടടുത്ത

31–ാം വകുപ്പിന് ഈ ബില്ലിൽ ഒരു ഭേദഗതി പറയുന്നുണ്ട്. 31–ാം വകുപ്പിൽ പോലീസ് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. അതിന്റെ ഒരു മൂന്നാം ഉപവകുപ്പിൽ പറയുന്നത്, പത്രങ്ങളിലോ ഏതെങ്കിലും ദൃശ്യ–മാധ്യമങ്ങളിലോ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി സംസ്ഥാന പോലീസ് മേധാവിയുടെ അനുമതിയില്ലാതെ കസ്റ്റഡിയിലുള്ള വ്യക്തികളെ പ്രദർശിപ്പിക്കാനോ അവരുടെ ഫോട്ടോയെടുക്കുന്നത് അനുവദിക്കാനോ പത്രസമ്മേളനം നടത്തുവാനോ പാടില്ല. ഇങ്ങനെ ചെയ്താൽ എന്താണ് അതിനുള്ള പണിഷ്മെന്റ് എന്ന് പറയുന്നില്ല.

പെറ്റി ഒഫൻസിനുപോലും ലോക്കൽ പോലീസ് സ്റ്റേഷനിൽ പിടിച്ചിട്ടുള്ള പ്രതികളെ ചാനലുകളുടെ മുമ്പിൽ വലിയ കുറ്റവാളികളെപ്പോലെ ചിത്രീകരിക്കുന്ന വാർത്തകൾ നമുക്ക് കാണാൻ കഴിയും. ചെറിയ ഒഫനൻസുകൾക്കുവേണ്ടി പിടിക്കപ്പെടുന്ന ആളുകളെപ്പോലും അവർ കുറ്റക്കാരല്ലെങ്കിലും കേവലം ഒരു അക്യൂസ്ഡ്–ന്റെ സ്ഥാനത്ത് നിൽക്കുന്ന ആളുകളുടെ ഫോട്ടോയുംമറ്റും പത്രങ്ങളിലൂടെയും ടി.വി.യിലൂടെയും പ്രദർശിപ്പിക്കുന്നു. ഇങ്ങനെയൊന്നും ചെയ്യാൻ പാടില്ലെന്ന് നിലവിലുള്ള ആക്ടിൽത്തന്നെ പറയുന്നുണ്ട്. അവർ കുറ്റാരോപിതർ മാത്രമാണ്. അവരെ കുറ്റക്കാരായി സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത് ശരിയല്ലെന്ന് നിലവിലുള്ള ആക്ടിൽ പറയുന്നുണ്ട്. ഇപ്പോൾ സർവ്വ സാധാരണമായി അങ്ങനെ ചെയ്തുവരുന്നുണ്ട്. ഒരു പോലീസ് ഉദ്യോഗസ്ഥൻ മുൻകൂട്ടിയുള്ള പെർമിഷനില്ലാതെ അങ്ങനെ ചെയ്താൽ

എന്താണ് അതിനുള്ള പണിഷ്മെന്റ് അല്ലെങ്കിൽ ഫൈൻ എന്ന് എങ്ങും പറയുന്നില്ല. അതിന് ഞാൻ കൊണ്ടുവരുന്ന ഒരു ഭേദഗതി :

3. <u>31–ാം വകുപ്പിനുള്ള ഭേദഗതി.</u>– പ്രധാന ആക്ടിലെ 31–ാം വകുപ്പ് (3)–ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. അതായത് –

"(4) (3)–ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനം ആയിരം രൂപ പിഴയോ, മൂന്നുമാസത്തെ തടവോ, രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമായിരിക്കുന്നതാണ്". എന്നുകൂടി പറയേണ്ടതുണ്ട്. അല്ലാത്ത പക്ഷം പോലീസ് ഇങ്ങനെ പിടിക്കപ്പെടുന്ന ആളുകളെ കുറ്റവാളി കളെപ്പോലെ സമൂഹത്തിന്റെ മുമ്പിലും മാധ്യമങ്ങളിലും പ്രദർശിപ്പിക്കുന്ന ഒരു സ്ഥിതിയുണ്ടാകും. അത് തെറ്റാണെന്നും അങ്ങനെ ചെയ്യാൻ പാടില്ലെന്നും നിലവിലുള്ള പോലീസ് ആക്ടിന്റെ തന്നെ 4–ാം വകുപ്പിൽ പറയുന്നുണ്ട്. പക്ഷെ അതിന് ഒരു ഫൈൻ കൂടി നിർണ്ണയിക്കണം. അതു പോലെ 86–ാം വകുപ്പിനുള്ള ഭേദഗതിയിൽപറയുന്നത്:

4. <u>86–ാം വകുപ്പിനുള്ള ഭേദഗതി.</u>– പ്രധാന ആക്ടിലെ 86–ാം വകുപ്പ് (3)–ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. അതായത് –

"(4) നിലവിലെ മറ്റു നിയമങ്ങളിൽ എന്തുതന്നെയായാലും, ഒരു ക്രിമിനൽ കേസിൽ അധികാരിതയുള്ള കോടതി രണ്ടു വർഷമോ, അതിലധികമോ കാലത്തേക്ക് ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ തടവുശിക്ഷ വിധിക്കുന്ന സാഹചര്യത്തിൽ ആ ഉദ്യോഗസ്ഥനെ ഉടനടി

സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യേണ്ടതും, അപ്പീൽ കോടതി ആ വിധി അസ്ഥിരപ്പെടുത്താത്തിടത്തോളംകാലം സസ്പെൻഷൻ നടപടി നിലനിൽക്കുന്നതുമായിരിക്കും". എന്ന ഒരു ഭേദഗതികൂടി ഞാൻ പറയുകയാണ്. ഒരു പോലീസ് ഉദ്യോഗസ്ഥനെ ക്രിമിനൽ കേസിൽ ശിക്ഷിച്ചാൽ അയാൾ മേൽക്കോടതിയിൽ അപ്പീൽ കൊടുക്കുകയാണെങ്കിൽ അയാൾക്ക് സർവ്വീസിൽ വീണ്ടും തിരിച്ചുവരാമെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ. ജനങ്ങളെ നിയമം പഠിപ്പിക്കേണ്ടതും നിയമ പാലകരാകേണ്ടതുമായ പോലീസ് കുറ്റാരോപിതനായാൽ അല്ലെങ്കിൽ കുറ്റക്കാരനാണെന്ന് കണ്ടിട്ടും അയാൾ പോലീസായി തുടരുന്നതിൽ ഒരു അസാംഗത്യമുണ്ട്. അയാൾ കുറ്റക്കാരനാണെന്ന് കീഴ്ക്കോടതി കാണുകയും മേൽക്കോടതി അയാൾക്കെതിരായ വിധി അസ്ഥിരപ്പെടുത്താത്തിടത്തോളം കാലം അയാൾ സസ്പെൻഷനിൽ നിലനിൽക്കണമെന്നതാണ് 86-ാം വകുപ്പിന്റെ ഭേദഗതിയിലൂടെ ഞാൻ ഉന്നയിക്കുന്നത്. എന്റെ അടുത്ത ഭേദഗതി,

5. <u>110-ാം വകുപ്പിലെ ഭേദഗതി.</u>- പ്രധാന ആക്ടിലെ 110-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ (iii) ഇനത്തിനു ശേഷം (iv), (v) ഇനങ്ങളിലായി താഴെപ്പറയും പ്രകാരം ചേർക്കേണ്ടതാണ്. അതായത് -

" (iv)ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്"

" (v)ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലയിൽ നിന്നുള്ളതും ഇരുപത് വർഷത്തെ സേവന പരിചയമുള്ളതുമായ ഒരു അഭിഭാഷകൻ"

പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്നുപറഞ്ഞ് പോലീസിന് എതിരായ പരാതികൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള ഒരു

സംവിധാനത്തെക്കുറിച്ച് നിലവിലുള്ള പോലീസ് ആക്ടിൽ ഒരു പരാമർശമുണ്ട്. അതിലെങ്ങും ജനപ്രതിനിധികളുടെ പ്രാതിനിധ്യം പറയുന്നില്ല. സംസ്ഥാന അതോറിറ്റിയും ജില്ലാ അതോറിറ്റിയുമെല്ലാമുണ്ട്. സംസ്ഥാന അതോറിറ്റിയിൽ ഐ.ജി.യും ബന്ധപ്പെട്ട ആളുകളുമൊക്കെയാണ്. 110-ാം വകുപ്പിനുള്ള ഭേദഗതിയിലൂടെ ഞാൻ പറയുന്നത്, ഈ പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ വരണം എന്നാണ്. അതുപോലെ ഒരു ലീഗൽ ഫ്രറ്റേണിറ്റിയുടെ ഒരാളും വേണം. ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിൽ നിന്നുള്ളതും ഇരുപത് വർഷത്തെ സേവനപരിചയമുള്ളതുമായ ഒരു അഭിഭാഷകൻകൂടി പോലീസിനെതിരായ കംപ്ലയിന്റുകൾ പരിശോധിക്കുന്ന ജില്ലാ അതോറിറ്റിയിൽ ഉണ്ടാകണമെന്നാണ്. ഇതിലെ നാലാമത്തെ ഉപ വകുപ്പിൽ പറയുന്നത് ജില്ലാ അതോറിറ്റിയിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടേണ്ടതാണ് എന്നാണ്. വിരമിച്ച ഒരു ജില്ലാ ജഡ്ജി ചെയർപേഴ്സണും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നീ മൂന്നു പേരെയാണ് പറയുന്നത്. എനിക്ക് എന്റെ ഭേദഗതിയിലൂടെ പറയാനുള്ളത് നാലാമതായി ജനപ്രതിനിധി എന്ന നിലയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന 20 വർഷത്തെ സേവന പരിചയമുള്ള ഒരു അഭിഭാഷകനുംകൂടി ഉണ്ടാകുന്നത് ജനാധിപത്യ സംവിധാനത്തിൽ കൂടുതൽ നന്നായിരിക്കും എന്ന ഒരു നിർദ്ദേശമുണ്ട്.

പോലീസിനെതിരെ ഏത് കേസ് എടുക്കണമെങ്കിലും സാങ്ഷൻ വേണമെന്നുള്ള ഒരു നിയമം രാജ്യത്തുണ്ട്. അത് ചില കാര്യങ്ങൾക്ക്

ആവശ്യമാണ്. എന്നാൽ എന്റെ 113–ാം വകുപ്പിന്റെ ഭേദഗതിയിൽ പറയുന്നത്,

6. <u>113–ാം വകുപ്പിനുള്ള ഭേദഗതി.</u>– പ്രധാന ആക്ടിലെ 113–ാം വകുപ്പ് (2)–ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്.–

"എന്നാൽ ഈ ആക്ടിലെ 115–ാം വകുപ്പിൽ പറയുന്ന കുറ്റകൃത്യത്തിൽ ഉൾപ്പെടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഈ വകുപ്പിന്റെ (2)–ാം ഉപവകുപ്പിൽ പറയുന്ന വ്യവസ്ഥ ബാധകമല്ലാത്തതാകുന്നു" എന്നുകൂടി ചേർക്കണം. 115–ാം വകുപ്പ് കൈക്കൂലിയുമായി ബന്ധപ്പെട്ടതാണ്. ഒരു പോലീസ് ഉദ്യോഗസ്ഥൻ പ്രത്യക്ഷമായോ പരോക്ഷമായോ ഭീഷണിയിലൂടെയോ പ്രലോഭനത്തിലൂടെയോ അയാളുടെ കർത്തവ്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കൈക്കൂലിയോ അനധികൃതമായ ആനുകൂല്യമോ പ്രതിഫലമോ ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ അല്ലെങ്കിൽ അതിനായി പരിശ്രമിക്കുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിൻമേൽ 7 വർഷംവരെയാകാവുന്ന ഒരു കാലയളവിലേയ്ക്ക് തടവോ 12 മാസത്തെ ശമ്പളത്തിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ ഇവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണെന്ന് പറയുന്നുണ്ട്. ഇത്തരം ഒരു ആരോപണം വരുന്ന ഘട്ടത്തിൽ 113–ാം വകുപ്പിന്റെ പ്രൊട്ടക്ഷൻ അത്തരം പോലീസുകാർക്ക് കൊടുക്കേണ്ടതില്ല. ഒരു പോലീസുകാരൻ കൈക്കൂലി വാങ്ങിയതിനെതിരെയുള്ള പരാതി പ്രൊസീഡ് ചെയ്യണമെങ്കിൽ മേലധികാരിയുടെ അനുമതി വേണമെന്നുള്ളത് ഇതിനെ ദുർബ്ബലപ്പെടുത്തുമെന്നുള്ളതു

കൊണ്ട് 113–ാം വകുപ്പിന് ഒരു ഭേദഗതി വരുത്തേണ്ടത് ആവശ്യമാണ്. ഈ ആക്ടിലെ 115–ാം വകുപ്പിൽ പറയുന്ന കുറ്റകൃത്യത്തിൽ ഉൾപ്പെടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഈ വകുപ്പിന്റെ രണ്ടാം ഉപ വകുപ്പിൽ പറയുന്ന വ്യവസ്ഥ ബാധകമല്ലാത്തതാകുന്നു എന്ന് നമ്മൾ മാറ്റി പ്പറയണം. സർവ്വ രംഗത്തും വളരെ വലിയ തോതിൽ കൈക്കൂലി വിരാജിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു പോലീസുദ്യോഗസ്ഥൻ കൈക്കൂലി ചോദിച്ചാൽ അല്ലെങ്കിൽ അദ്ദേഹത്തിന് കൈക്കൂലി കൊടുത്താൽ അതുമായി ബന്ധപ്പെട്ട ഒരു പരാതി കൊടുക്കണമെങ്കിൽ മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങണമെന്ന നിബന്ധന ഈ ഭേദഗതിയിലൂടെ നമുക്ക് ഇല്ലാതെ യാക്കാൻ സാധിക്കുമെന്നുള്ള ഒരു നിർദ്ദേശം കൂടി ഈ ഭേദഗതിയുടെ ഭാഗമായി പറയുകയാണ്.

ക്ലീൻ ക്യാമ്പസിനെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട മന്ത്രി തന്നെ വളരെ നല്ല നിലയിൽ ഇവിടെ അവതരിപ്പിച്ചു. അതിന് ഭരണ പ്രതിപക്ഷ വ്യത്യാസമി ല്ലാതെ സ്വീകാര്യതയും ലഭിച്ചു.

7. <u>118–ാം വകുപ്പിനുള്ള ഭേദഗതി</u>.– പ്രധാന ആക്ടിലെ (ഐ) ഖണ്ഡ ത്തിൽ “സ്കൂൾ പരിസരത്ത്” എന്ന വാക്കുകൾക്കുശേഷം “അഞ്ഞൂറ് ഗ്രാം വരെയുള്ള അത്തരം വസ്തുക്കൾ” എന്നുകൂടി ചേർക്കേണ്ടതാണ്.

ഇപ്പോൾ എത്ര ക്വാണ്ടിറ്റി ആയാലും ഒരേ ശിക്ഷയാണുള്ളത്. പാൻപരാഗ് പോലുള്ള ലഹരി വസ്തുക്കളും പാൻ ഉൽപ്പന്നങ്ങളും എത്ര ക്വാണ്ടിറ്റിയാണെങ്കിലും 10,000 രൂപ ഫൈനും 3 വർഷത്തെ ശിക്ഷയുമാണ്. അതിന്റെ ഗൗരവം വർദ്ധിപ്പിക്കാൻ വേണ്ടി എനിക്ക് വയ്ക്കാനുള്ള ഒരു നിർദ്ദേശം അഞ്ഞൂറ് ഗ്രാമിന് മുകളിലായാൽ ഇതിന്റെ ശിക്ഷക്ക് മാറ്റം

വരണമെന്നാണ്. എൻ.ഡി.പി.എസ്. ആക്ടിലൊക്കെ കഞ്ചാവ് തുടങ്ങിയവയുമായി ബന്ധപ്പെട്ടതിനൊക്കെ ഒരു കിലോഗ്രാം വരെയാണെങ്കിൽ ലഘുവായ ശിക്ഷയും അതിനപ്പുറത്തേയ്ക്കാണെങ്കിൽ വലിയ ശിക്ഷയുമാണ്. കഴിഞ്ഞ ദിവസം ഞങ്ങളുടെ പ്രദേശത്ത് ആട്ടോറിക്ഷ ക്യാരിയറിൽ രണ്ട് ലോഡ് പാൻപരാഗ് ഒരു സ്കൂൾ പരിസരത്ത് പിടിക്കപ്പെട്ടിട്ട് അതിന് ബന്ധപ്പെട്ട കോടതി 10000 രൂപയാണ് അയാൾക്ക് ഫൈൻ ഇട്ടത്. നിയമത്തിൽ അത്രയും തുക പിഴയിടാൻ മാത്രമേ വ്യവസ്ഥചെയ്യുന്നുള്ളൂ. അതുകൊണ്ട് ഇതിന്റെ ക്വാണ്ടിറ്റിക്ക് അനുസരിച്ച് ശിക്ഷക്ക് മാറ്റം വരണം. കുറ്റത്തിനനുസരിച്ച് ശിക്ഷയുടെ വർദ്ധനവ് ഈ കാര്യത്തിലുണ്ടാകണമെന്നുള്ളതുകൊണ്ട് ഞാൻ അതിന് വയ്ക്കുന്ന ഒരു നിർദ്ദേശം (ജെ) എന്ന ഖണ്ഡം കൂടി ചേർക്കണമെന്നാണ്. (2) (ഐ) ഉപവകുപ്പിനുശേഷം (ജെ) എന്ന ഉപവകുപ്പുകൂടി ചേർക്കേണ്ടതാണ്, അതായത്.-

"(ജെ) അഞ്ഞൂറ് ഗ്രാമിലധികം തൂക്കംവരുന്ന ലഹരി പദാർത്ഥങ്ങളോ, ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളോ, പദാർത്ഥങ്ങളോ, സ്കൂൾ പരിസരത്ത് സംഭരിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് കൈവശം വച്ചിരിക്കുന്ന ആളെയോ, സൂക്ഷിച്ചിരിക്കുന്ന സ്ഥാപന ഉടമയെയോ കുറ്റസ്ഥാപനത്തിന്മേൽ അഞ്ചു വർഷം വരെയാകാവുന്ന തടവോ അമ്പതിനായിരം രൂപ പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ്" എന്ന ഒരു ഭേദഗതികൂടി 118-മത്തെ വകുപ്പിൽ ചേർക്കണമെന്ന് സൂചിപ്പിക്കുകയാണ്.

ഇത്രയും ഭേദഗതികൾക്ക് അനുബന്ധമായ ഭേദഗതികളും 125-ാം വകുപ്പിൽ ഏതൊക്കയാണ് കോഗ്നൈസിബിൾ ഏതൊക്കെയാണ് ബെയിലബിൾ എന്ന രീതിയിലുള്ള മാറ്റങ്ങളുമുണ്ടാകും.

8. 125-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്ടിലെ 125-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് താഴെപ്പറയുംപ്രകാരം മാറ്റി ചേർക്കേണ്ടതാണ്, അതായത്.-

"(1) ഈ ആക്ടിലെ 116, 117, 118-ന്റെ (എ) മുതൽ (ഐ) വരെയുള്ള ഉപവകുപ്പുകൾ, 119 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ കോഗ്നൈസിബിളും ജാമ്യം കിട്ടാവുന്നതുമായ കുറ്റങ്ങൾ ആയിരിക്കുന്നതും, 115, 118 വകുപ്പിന്റെ (ജെ) ഉപവകുപ്പ് എന്നീ വകുപ്പുകളിൻകീഴിലുള്ള കുറ്റങ്ങൾ കോഗ്നൈസിബിളും ജാമ്യം ലഭിക്കാത്ത കുറ്റങ്ങളുമായിരിക്കുന്നതാണ്". ഏതായാലും ഈ വിഷയത്തിലുള്ള ചർച്ച തുടരണം. എനിക്ക് സൂചിപ്പിക്കാനുള്ളത് ഔദ്യോഗികമായി സർക്കാരിന്റെ ഭാഗത്തുനിന്ന് ഇങ്ങനെ ബില്ലിൽ ഭേദഗതി വരുത്തുന്നതിന് ഒരു പ്രേരണയായി ഈ പ്രൈവറ്റ് ബിൽ മാറുമെങ്കിൽ അത് നമ്മുടെ നീതിരംഗത്തോടും നിയമ രംഗത്തോടുമൊക്കെ ചെയ്യുന്ന ഒരു ചെറിയ സേവനമായിരിക്കുമെന്ന് കണക്കാക്കുകയാണ്. ഇന്ന് പ്രതിപക്ഷ അംഗങ്ങളാരുമില്ല. അവർക്കും ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ പറയാനുണ്ടാകും. അതുകൊണ്ട് ഈ വിഷയത്തിലുള്ള ചർച്ച തുടരണം.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രമേയം പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീന്റെ പ്രമേയത്തിന്റെ ചർച്ച വീണ്ടും തുടരുന്നതാണ്.

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച:

(i) 2012-ലെ കേരള സംസ്ഥാന അൺ-എയിഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ ഇവിടെ കഴിഞ്ഞദിവസം അവതരിപ്പിച്ച കേരള സംസ്ഥാന അൺ-എയിഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബില്ലിനെക്കുറിച്ചുള്ള തുടർചർച്ചയാണ് ഇത്. അന്ന് ചർച്ചയിൽ ബുദ്ധിമുട്ടാണെന്ന് മന്ത്രി പറഞ്ഞെങ്കിലും ഇത് വളരെ ഗൗരവത്തോടെ കാണേണ്ട ഒരു വിഷയമാണ്. നമ്മുടെ നിയമസഭ വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റങ്ങൾക്ക് തിരികൊളുത്തിയിട്ടുള്ള ഒരു സഭയാണ്. പഴയ കാലത്ത് സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്ന കാര്യത്തിൽ ധീരമായ സമരം നടത്തുകയും അതുതന്നെയുമല്ല അങ്ങും, സഭാനേതാവായ മുഖ്യമന്ത്രിയും, ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും തുടങ്ങി ഇവിടെയിരിക്കുന്ന മുഴുവൻ ആളുകളും വിദ്യാഭ്യാസരംഗത്തിലൂടെ വളർന്നുവന്നിട്ടുള്ള നേതാക്കൻമാരുമാണ്. വിദ്യാഭ്യാസരംഗത്ത് ഏറ്റവും മലീമസമായിക്കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് ഈ ബില്ലിൽ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ വിദ്യാഭ്യാസരംഗം ഇന്ന് വൻമാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. എല്ലാവർക്കും ഇംഗ്ലീഷ് പഠിക്കണമെന്നത് കാര്യംതന്നെയാണ്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ.യും, സർക്കാർ എയിഡഡ്

മേഖലകളും ഒക്കെ ഒഴിവാക്കി അൺ എയിഡഡ് സ്കൂളുകളിലേക്ക് വിദ്യാർത്ഥികളുടെ പ്രവാഹം കൂടുന്നുവെന്നത് സത്യം തന്നെയാണ്. കുഞ്ഞുണ്ണിമാഷിന്റെ പഴയകാല കവിതയിൽ പറയുകയുണ്ടായി, 'കുട്ടിയെ ഇംഗ്ലീഷ് പഠിപ്പിക്കാൻ പേറ് ഇംഗ്ലണ്ടിലാക്കുന്നു ചിലർ'. ആ കവിതയിൽ അന്നത്തെ പ്രധാന്യം ഉൾക്കൊള്ളിച്ചുകൊണ്ട്, കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ ഇംഗ്ലണ്ടിൽ ചേർത്ത് പഠിപ്പിക്കുന്ന ഒരു പൊങ്ങച്ച സംസ്കാരത്തെ കളിയാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞകാര്യമാണ്. ഇന്നിപ്പോൾ അതിൽനിന്ന് വ്യത്യസ്തമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കൂണുപോലെ മുളച്ചു, മാത്രമല്ല, സൗകര്യങ്ങളില്ലാത്ത, ആവശ്യമായ ബിരുദങ്ങളില്ലാത്ത അദ്ധ്യാപകരെല്ലാം ഉണ്ടാകുകയും ചെയ്തു. അതിൽനിന്ന് മാറ്റംവന്ന നല്ല സ്റ്റാൻഡേർഡ് ഉള്ള; വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്കൂളുകളുണ്ട്. അൺഎയിഡഡ് വിദ്യാലയങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് അറിയാവുന്നത്, വൃത്തിയായി പെയിന്റടിച്ച കെട്ടിടങ്ങളും, മോടിയുള്ള പൂമുറ്റങ്ങളും, 100% റിസൽട്ടും ഒക്കെയാണ്. അതിനുള്ളിലൂടെ കടന്നുപോകുമ്പോൾ പല ദോഷവശങ്ങൾ അതിനകത്തുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. വളരെയധികം ദു:ഖം അനുഭവിക്കുകയും മണിക്കൂറുകളോളം ക്ലാസ്സിൽ കയറിയിരുന്ന് പഠിപ്പിക്കുകയും തുച്ഛമായ ശമ്പളം കിട്ടുന്ന അവസ്ഥയും ഈ അദ്ധ്യാപക വിഭാഗങ്ങൾക്കുണ്ടെന്നുള്ളത് ഗൗരവതരമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെയായി ഇവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ ചൂഷണത്തിനെതിരെ പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കറിയാം, അദ്ധ്യാപകർ അവരുടെ ജീവിതത്തിൽ വിശപ്പ് അടക്കാൻവേണ്ടിയും കുടുംബജീവിതങ്ങൾ പട്ടിണി കിടക്കാതിരി

ക്കാൻ വേണ്ടിയും ജീവിതച്ചെലവുകൾ വഴിമുട്ടിയ അവസരത്തിലും ചെയ്യുന്ന ഒരു തൊഴിലായി ഈ അദ്ധ്യാപനം മാറിക്കൊണ്ടിരിക്കുകയാണ്. മറ്റുള്ള അദ്ധ്യാപകർ നല്ല ശമ്പളവും ആനുകൂല്യങ്ങളും വാങ്ങുമ്പോൾ അൺ എയിഡഡ് സ്കൂളിലെ അദ്ധ്യാപകർ വാങ്ങുന്നത് തുച്ഛമായ ശമ്പളമാണ്. അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളൊന്നുംതന്നെയില്ല. തുടർച്ചയായി ആറും ഏഴും മണിക്കൂർ പഠിപ്പിക്കുന്നത് അവരെ സംബന്ധിച്ചിടത്തോളം വളരെയധികം വിഷമകരമായ അവസ്ഥയാണ്. കൂടാതെ സ്കൂളിന്റെ റിസൽട്ടിനുവേണ്ടി ഭഗീരഥപ്രയത്നങ്ങൾ അവർ നടത്തുന്നു. കഠിനാധ്വാന ത്തിന് അവർക്ക് പിച്ചക്കാശിന്റെ വിലപോലും കിട്ടുന്നില്ല. അതൊക്കെ ഏറ്റവും ഗൗരവത്തിലെടുക്കുകയും; സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഔദാര്യമാണെന്നുള്ള മട്ടിലാണ് ശമ്പളം കൊടുക്കുന്നതും മിക്ക അധികാരി കളും അവരോട് പെരുമാറുന്നതും. പ്രോവിഡണ്ട് ഫണ്ട് വിഹിതം, മെഡിക്കൽ ആനുകൂല്യങ്ങൾ, പ്രസവാനുകൂല്യം, പെൻഷൻ, ഗ്രാറ്റുവിറ്റി ഇതിനെപ്പറ്റിയൊന്നും അദ്ധ്യാപകർ മിണ്ടിപ്പോകരുത് എന്ന ചർച്ചയാണ് പലപ്പോഴും എല്ലായിടത്തും നടന്നുകൊണ്ടിരിക്കുന്നത്. പിരിച്ചുവിടാൻ തക്ക കാരണമായി പലകാര്യങ്ങളും അവരെ ബോധിപ്പിക്കുന്നു. അദ്ധ്യാപകർ ക്ലാസ്സെടുക്കുമ്പോൾ സി.സി.ടി.വി. യിലൂടെ നിരീക്ഷിച്ച് അവർക്കെതിരായ പരാമർശങ്ങൾ സ്കൂൾ മുഴുവൻ കേൾക്കത്തക്ക വിധത്തിൽ മൈക്കിലൂടെ വിളിച്ചുപറഞ്ഞ് അവരെ ആഭാസകരമായ രീതിയിലും അച്ചടക്ക ലംഘനത്തിന്റെ പേരിലുമൊക്കെ മോശമായി കാണുന്ന പല സംഭവങ്ങളും ഇന്ന് പല സ്കൂളുകളിലും നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ നടക്കുന്ന ഇത്തരം ഗൗരവപൂർവ്വമായ വിഷയങ്ങളെ സഭ ചർച്ച ചെയ്യാതെ; അതൊരു ഔദ്യോഗികമായ രീതിയിൽ എടുക്കാതിരിക്കുന്നത് ശരിയല്ല. ഈ

സഭയ്ക്കകത്ത് മെമ്പർമാർ പറയുമ്പോൾ അതിനെ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഇതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ആ സ്പിരിറ്റിൽ നിന്ന് ഗവൺമെന്റ് ഒഫിഷ്യലായി ഈ ബില്ലിനെ കാണുകയും അതേത്തുടർന്നുള്ള കാര്യങ്ങളിലേക്ക് വരണമെന്നുമാണ് എനിക്ക് പറയാനുള്ളത്. സ്കൂൾ അധികാരികളുടെ മനുഷ്യാവകാശലംഘനം, ഭരണഘടനാലംഘനം, തൊഴിൽ നിയമ ലംഘനം എന്നിവയുടെ ഫലമായി അദ്ധ്യാപകർ സഹിക്കുന്ന അപമാനവും, നിന്ദയും പത്രങ്ങളിലൂടെയും മറ്റും വായിച്ചുകൊണ്ടിരിക്കുകയാണ്. കാരണം കുട്ടികളിൽ നിന്നും വാങ്ങുന്ന ഫീസുകളുടെ കാര്യങ്ങളെടുത്തുപരിശോധിച്ചാൽ പലപ്പോഴും അൺഎയിഡഡ് സ്കൂൾ ഇന്ന് ഒരു സ്റ്റാറ്റസിന്റെ സിമ്പലായി പോകുന്നു. കുട്ടിയെ ടൈയും ഷൂസുംകെട്ടി സ്കൂളിലെ ബസ്സിൽ കുത്തിനിറച്ച് വിടുന്ന ഒരു സംസ്കാരം നമ്മുടെ ഇടയിലുണ്ട്. കുട്ടിയുടെ യൂണിഫോമിന് അമിത വിലയും, അഡ്മിഷന് 50,000-ൽ കൂടുതൽ ഫീസും, സ്കൂൾ ബസ്സിന്റെ ഫീസും യൂത്ത് ഫെസ്റ്റിവലിനുള്ള ഫീസും, അതുപോലെ മറ്റേതിന്റെയും പിരിവിൽ ഒരു കൊള്ള നടത്തുന്നതിന്റെ പേരിൽ മാനേജ്മെന്റുകൾ പൈസ വാങ്ങുകയും; പാവപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളമായി ഒരു ചെറിയ സംഖ്യ പോലും കൊടുക്കാത്ത അവസ്ഥ നിലനിൽക്കുകയാണ്. ഇത്തരം കാര്യങ്ങളൊക്കെ ഗൗരവപൂർണ്ണമായി എടുത്ത് പരിശോധിക്കാനും; അവരുടെ പ്രതിനിധികളെ വിളിച്ചുനിർത്തി സർക്കാർ ഒരു ചർച്ച നടത്താനും, ഹൈക്കോടതി നിർദ്ദേശങ്ങളും, സർക്കാർ അംഗീകരിച്ച തൊഴിൽചട്ടങ്ങളും കൂട്ടിയിണക്കിക്കൊണ്ടുപോകാനുള്ളൊരു അവസരം ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. അൺ എയിഡഡ് സ്കൂളുകളിലെ ടീച്ചേഴ്സിന്റെ മിനിമം വേതനത്തിന്റെ കാര്യത്തിൽ ഒരു നിശ്ചിത വേതനം കൊടുത്തിരിക്കണമെന്നും, ഒരു നിശ്ചിത യോഗ്യതയുണ്ടായിരിക്കണമെന്നുമുള്ള മാനദണ്ഡം നിലവിലില്ല. ഈ സാഹചര്യത്തിൽ, ക്ഷേമനിധിയോടൊപ്പം സുപ്രധാനമായ ഒരു കാര്യം, പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഒരു നിശ്ചിത യോഗ്യതയും, നിശ്ചിത വേതനവുമുണ്ടായിരിക്കണം എന്നുള്ള ഒരവസ്ഥയിലൂടെ നിയമപരമായി മുന്നോട്ടു പോയാൽ മാത്രമേ ഏത് വിദ്യാലയത്തിലും സ്ഥിരഅദ്ധ്യാപകൻമാരായി നിർത്താൻ കഴിയുന്ന ഒരന്തരീക്ഷം ഉണ്ടാകുകയുള്ളൂ. ഈ നിയമത്തോടൊപ്പം അത്തരത്തിലുള്ള ഒരു നിയമത്തിന് കൂടി പ്രസക്തിയുണ്ടാകണമെന്നത് ഇവിടെ ഏറ്റവും കൂടുതൽ പ്രാധാന്യമേറുകയല്ലേ?.

<u>ശ്രീ. എം. പി. വിൻസെന്റ്:</u> സർ, അതും വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ഇപ്പോൾ നിലനിൽക്കുന്ന അൺഎയിഡഡ് സ്കൂളുകൾ വളരെ നല്ല സ്റ്റാൻഡേർഡോടുകൂടി നടത്തുന്ന സ്കൂളുകളാണ്. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരൊക്കെ ബിരുദങ്ങളും, ബിരുദാനന്തര ബിരുദങ്ങളും, അഡീഷണലായിട്ടുള്ള കോഴ്സുകളൊക്കെ പഠിച്ച് വളരെ എക്സ്പീരിയൻസ്ഡ് ആയിട്ടുള്ളവരാണ്. അവരെ എടുക്കുമ്പോൾ ഈ പറയുന്ന കാര്യം നിർബന്ധമാക്കണം. അതുപോലെ അവരുടെ തൊഴിലിന് അനുബന്ധമായ കാര്യങ്ങൾക്ക് ഒരു സഹായം.......

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. പി. വിൻസെന്റ് 2012-ലെ കേരള സംസ്ഥാന അൺഎയിഡഡ് സ്കൂൾ ടീച്ചേഴ്സ്

ക്ഷേമനിധി ബില്ലാണ് അവതരിപ്പിക്കുന്നത്. നേരത്തെ ഇവിടെ ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി ചോദിച്ചതുപോലെ ക്ഷേമനിധി ഏർപ്പെടുത്തുന്നത് വളരെ നല്ലൊരു കാര്യമാണ്. അൺഎയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സേവനവേതനവ്യവസ്ഥകളൊന്നുമില്ലേ? പല അൺ എയിഡഡ് സ്കൂളുകളിലും ക്വാളിഫൈഡ് ആയ പോസ്റ്റ് ഗ്രാഡ്യുവേഷനും, പി.എച്ച്. ഡി.യുമൊക്കെ എടുത്തിട്ടുള്ള നിരവധി പേർ വർക്ക് ചെയ്യുന്നുണ്ട്. എന്നാൽ പല അൺഎയിഡഡ് സ്കൂളുകളിലും ടീച്ചറാവാൻ യോഗ്യതയില്ലാത്ത ആളുകളെക്കൂടി നിറച്ച സ്കൂളുകളും ഉണ്ട്. അവരുടെ റെക്കോർഡുകളിൽ പലതും എഴുതിച്ചേർത്തിട്ടുണ്ട്. സ്കൂളിൽ വന്ന് ഒരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയാൽ എഴുതിവച്ചിരിക്കുന്ന രേഖകളിലുള്ള അദ്ധ്യാപകരല്ല അവിടെ പഠിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഒന്ന് മനസ്സിലാക്കണം. ഞാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം കൂടിയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചില സെന്ററുകൾ പരിശോധിക്കാൻവേണ്ടി പോകും. സെന്ററുകൾ പരിശോധിക്കാൻ ചെല്ലുമ്പോൾ പല സ്ഥലത്തും യോഗ്യതയുള്ള അദ്ധ്യാപകരില്ല. ‘ഓഫ് ക്യാമ്പസ്’ സെന്ററുകളിൽ പലയിടത്തുമില്ല. ഇവയെല്ലാം കടലാസിൽ എഴുതിവച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ സബ്കമ്മിറ്റി ഇൻസ്പെക്ഷനുവേണ്ടി ചെല്ലുമ്പോൾ എല്ലാ രേഖകളിലും യോഗ്യതയില്ലാത്ത അദ്ധ്യാപകർ, അൺഎയിഡഡ് കോളേജുകൾ/സ്കൂളുകൾ/യൂണിവേഴ്സിറ്റി കളുടെ പേരിൽ അഫിലിയേറ്റ് ചെയ്ത സെന്ററുകൾ എന്നിവിടങ്ങളില്ലൊമുണ്ട്. ഈ കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറാണ്.

അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവിടത്തെ കാര്യം അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. വിൻസെന്റ്: സർ, തീർച്ചയായും ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് ശരിയാണ്. പല സ്ഥലങ്ങളിലും ടീച്ചേഴ്സിന് യോഗ്യതയില്ലായെന്നുള്ളത് ശരിയാണ്. ഇപ്പോൾ അൺഎയിഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുന്നത് സർക്കാരാണ്. എൻ.ഒ.സി. സർക്കാർ കൊടുക്കുമ്പോൾ എൻ.ഒ.സി. യോടനുബന്ധിച്ചുള്ള നിബന്ധനയിലെ ഒന്നും രണ്ടും കാര്യങ്ങളായി ഇതു വയ്ക്കേണ്ടതാണ്. ഒന്നാമതായി, ആവശ്യമായ ബിരുദം, അതിന്റെ ക്വാളിഫിക്കേഷൻ വേണമെന്ന നിബന്ധന വയ്ക്കണം. രണ്ടാമതായി, സർക്കാർ നിശ്ചയിക്കുന്ന ശമ്പളവ്യവസ്ഥ കൂടി ഉൾപ്പെടുത്തണം. ഇത്തരം കാര്യങ്ങൾ അവരെ ആധികാരികമായി പഠിപ്പിക്കാനാവശ്യമായ അറിവ് അത് ബിരുദം തന്നെയാണ്. ആ ബിരുദം ഏതാണെന്നുള്ളത് കണക്കാക്കി അതോടൊപ്പം അവർക്ക് അർഹമായ ശമ്പളം കൊടുക്കാനുള്ള വ്യവസ്ഥകൂടി വെച്ച് തൊഴിൽ ചൂഷണത്തിൽ നിന്ന് ഇവരെ രക്ഷിക്കാൻ സാധ്യമാകുന്ന ഒരു പ്രധാനപ്പെട്ട കാര്യമായി ഈ ബില്ലിനെ നമുക്ക് കാണേണ്ടതുണ്ട്.

വിദ്യാഭ്യാസരംഗത്തെ ഇത്തരം കാര്യങ്ങളിൽ പലർക്കും വിയോജിപ്പുണ്ടായിരിക്കാം. വിയോജിപ്പ് ഉണ്ടെങ്കിലുമില്ലെങ്കിലും അദ്ധ്യാപകരും മനുഷ്യരാണെന്ന് കാണാനുള്ള മനുഷ്യത്വമുണ്ടാക്കണം. തൊഴിലാളികൾ ആത്മവിശ്വാസത്തോടെ തൊഴിലെടുക്കാനും മാന്യമായി ജീവിക്കാനും പോകുമ്പോൾ അവർക്ക് അർഹമായ ഒരു സജ്ജീകരണവും സാമ്പത്തിക പരിഗണനയും മറ്റു ഭൗതിക സൗകര്യങ്ങളും നൽകണം. കുട്ടികളും ഭർത്താവും കുടുംബവു

മായി ജീവിക്കാൻ, അവരുടെ കഷ്ടപ്പാടുകൾ തീരുന്നതിനുവേണ്ടി സാധാരണ തൊഴിലാളിക്കുപോലും കിട്ടുന്ന ഒരു മാന്യത 'ഡിഗ്നിറ്റി ഓഫ് ലേബർ' പോലും അവർക്ക് കിട്ടുന്നില്ല. അതുകൊണ്ട് ഏറ്റവും നല്ല രീതിയിൽ ഈ ബില്ലിനെ കാണുകയും ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ചിരുന്ന്, നമ്മുടെ സമൂഹത്തിൽ നടക്കുന്ന ഒരു നീതികേടായി ഇതിനെ കണ്ട് അത് പരിഹരിക്കാൻ സർക്കാർ തന്നെ ഈ ബിൽ ഔദ്യോഗികമായെടുത്ത് ഒരു നിയമമാക്കി കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പലപ്പോഴും ഇത്തരത്തിലുള്ള ചർച്ചകളാണ് നാട്ടിൽ പല മാറ്റങ്ങളും വരുത്തിയിട്ടുള്ളത്. ഇതുപോലുള്ള ബില്ലുകൾ മുമ്പും സഭയുടെ ചരിത്രത്തിലെടുത്തിട്ടുണ്ട്. ഇതിനുമുമ്പ് ഇവിടെ അവതരിപ്പിച്ച ബില്ല് പിന്നീട് എടുത്ത കഥ കേട്ടിട്ടുണ്ട്. അതല്ലാതെതന്നെ ഇവിടെ വരുന്ന പ്രമേയങ്ങൾ.... നാടിന്റേയും ജനങ്ങളുടേയും സമൂഹത്തിന്റേതുമായി വരുന്ന ഇത്തരം കാര്യങ്ങളെയെടുത്ത് അത് പാവപ്പെട്ടവന്, സാധാരണക്കാരന് ഗുണം നൽകുന്ന ഒരു വിഷയമാക്കി മാറ്റാൻ ഈ ബിൽ തുടരേണ്ടതുണ്ട്. അതുകൊണ്ട് വീണ്ടും ചർച്ച തുടരാം എന്നുപറഞ്ഞ് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

മി. ചെയർമാൻ: ചർച്ച തുടരുന്നില്ല. ഇതോടെ കഴിഞ്ഞു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജവകുപ്പു മന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ന്യായമായ കാര്യമാണ്. പക്ഷേ ഇതിന് രണ്ടുമൂന്ന് ഘടകങ്ങളുണ്ട്. ഒന്ന് അവരുടെ ശമ്പളത്തിന്റെ കാര്യമാണ്. അവർക്ക് ന്യായമായ ശമ്പളം കിട്ടുന്നില്ല. അതു കിട്ടുന്നതിനുവേണ്ടിയുള്ള ചർച്ചകളും

പരിഹാര മാർഗ്ഗങ്ങളും ആലോചിക്കുകയാണ്. അതിനുവേണ്ടി ചിലപ്പോൾ വേണമെങ്കിൽ ഒരു നിയമനിർമ്മാണം തന്നെ നടത്തേണ്ടതായി വരും. ഗവൺമെന്റ് അക്കാര്യത്തെക്കുറിച്ച് ആലോചിക്കുകയാണ്. ക്ഷേമനിധിയുടെ കാര്യം തൽക്കാലം ഗവൺമെന്റിന്റെ പരിഗണനയിലില്ല. ശമ്പളവും ബാക്കിയുള്ള കാര്യങ്ങളെയും സംബന്ധിച്ച് ഒരു വ്യവസ്ഥയുണ്ടാക്കിയതിനുശേഷം മാത്രമേ ഇത് പരിഗണിക്കാൻ സാധിക്കൂ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ശ്രീ. എം. പി. വിൻസെന്റ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല. മന്ത്രി മറുപടി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ സാധാരണക്കാരായ അൺ എയിഡഡ് സ്കൂളുകളിലെ ടീച്ചർമാരുടെ ശമ്പളവും വേതനവും നല്ല രീതിയിൽ പരിഗണിക്കാമെന്നുള്ള കാര്യം സർക്കാർ ആലോചിച്ച് തീരുമാനമെടുക്കുമെന്നതിന്റെ ഭാഗമായി ഞാൻ പിൻവലിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. എം. പി. വിൻസെന്റ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (ii) 2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബിൽ (തുടർ ചർച്ച)

ശ്രീ. പി. കെ. ബഷീർ: സർ, നമ്മുടെ സംസ്ഥാനത്തെ പല ഹോട്ടലുകളിലും പല വിലകളാണുള്ളത്. പല ഹോട്ടലുകളും പല കാറ്റഗറിയാണ്. സാധാരണ നാട്ടിൻപുറത്തെ ചായക്കടയിലെ ചായയ്ക്കും പൊറോട്ടയ്ക്കും കറിയ്ക്കുമെല്ലാം പല വിലകളാണ്. കുറച്ചുകൂടി നല്ല ഭക്ഷണംകൊടുക്കുന്ന ഹോട്ടലുകളിൽ ഒരു വില; നല്ല സൗകര്യങ്ങളും ഗുണനിലവാരമുള്ള ഹോട്ടലു

കൾക്ക് ഒരുവില; അങ്ങനെ വിലനിലവാരം തോന്നുംപ്രകാരമാണ്. ഒരു സാധാരണ ഹോട്ടലിൽ ആറോ ഏഴോ രൂപയ്ക്ക് ലഭിക്കുന്ന ചായ ഫൈവ്സ്റ്റാർ ഹോട്ടലിൽ 250 രൂപയാണ്. ഒരാൾക്ക് കൊടുക്കുന്ന ഭക്ഷണത്തിന്റെ അളവോ ഗുണനിലവാരമോ നിശ്ചയിക്കുന്നതിനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തില്ല. കഴിഞ്ഞ പ്രാവശ്യം ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞത്, ഇതിന് സർക്കാർ ഒരു ബിൽ കൊണ്ടുവരുന്നുണ്ടെന്നും അതിനുള്ള നടപടികളെടുക്കുമെന്നുമാണ്. പക്ഷെ ഇതുവരെ ഒരു നടപടിയും എടുത്തുകണ്ടില്ല. നമ്മുടെ റോഡ്സൈഡിലൊക്കെയും നല്ലതും ചീത്തയുമായ ധാരാളം തട്ടുകടകളുണ്ട്. ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ ഹോട്ടലുകളിൽ ചെക്കിംഗ് നടത്തുന്നുണ്ടെങ്കിലും സാധാരണ ഹോട്ടലുകളിലും നാട്ടിൻപുറങ്ങളിലെ ഹോട്ടലുകളിലുമൊന്നും അവർ ചെക്കിംഗ് നടത്താറില്ല. ഫൈവ് സ്റ്റാർ, ത്രീ സ്റ്റാർ, ടൂ സ്റ്റാർ ഹോട്ടലുകളിലൊക്കെയാണ് ചെക്കിംഗ് നടക്കുന്നത്. കാറ്ററിംഗ് സർവ്വീസ് ഇപ്പോൾ കൂൺ വളരുന്നതുപോലെയാണ്. ഈ കാറ്ററിംഗ് സർവ്വീസുകാർ ഉണ്ടാക്കുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം, അത് എവിടെനിന്ന് കൊണ്ടുവരുന്നു, അവർ ഉപയോഗിക്കുന്ന വെള്ളം, ഏതുതരം സാധനങ്ങളുപയോഗിക്കുന്നു എന്നുള്ള കാര്യങ്ങളൊന്നും ആരും അന്വേഷിക്കാറില്ല. ആയിരംരണ്ടായിരത്തോളം ആളുകൾക്കുവേണ്ടിയാണ് ഈ ഭക്ഷണം ഉണ്ടാക്കുന്നത്. അതുപോലെ ഇപ്പോൾ മലബാറിലുംമറ്റും റോഡ് സൈഡിലൊക്കെ മദ്യക്കച്ചവടമുണ്ട്. കുഴിമന്തി... അറബിനാട്ടിൽ കിട്ടുന്ന മന്തി, നാടൻ ഭക്ഷണം ഇപ്പോൾ കാണാനില്ല. റോഡ് സൈഡിൽ ഓരോ ഷെഡ് കെട്ടി വൈകുന്നേരം 7 മണി മുതൽ രാത്രി 12 മണിവരെ കച്ചവടമാണ്. ഇതിന്റെ വിലനിലവാരമോ ഗുണനി

ലവാരമോ നിശ്ചയിക്കാൻ ആരുമില്ല. എല്ലാവരും തോന്നിയമാതിരിയാണ് കച്ചവടം നടത്തുന്നത്. അതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ ഞാനിവിടെ അവതരിപ്പിക്കുന്നത്. ഹോട്ടലുകളെ കാറ്റഗറി അടിസ്ഥാനത്തിൽ തരംതിരിക്കുകയും വിലയ്ക്ക് ഒരു ഏകീകരണമുണ്ടാക്കുകയും ചെയ്യണമെന്നതാണ് എന്റെ ആവശ്യം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ഈ ബില്ല് പ്രാധാന്യമുള്ളതാണ്. നമ്മൾ ഏത് സ്ഥാപനങ്ങൾ തുടങ്ങണമെങ്കിലും ലൈസൻസും അതിനുവേണ്ടിയുള്ള പരിശോധനയും നടപടിക്രമങ്ങളുമൊക്കെയുണ്ട്. ആർക്ക് എവിടെ വേണമെങ്കിലും ഒരു ഷെഡ് കെട്ടി, അവിടെ ഫാസ്റ്റ് ഫുഡ് എന്നൊരു ബോർഡ് വച്ച്, ഇഷ്ടാനുസരണം രുചിക്കുവേണ്ടി മാരകമായ എന്ത് വിഷവും ഉപയോഗപ്പെടുത്തി വിൽപ്പന നടത്തുന്നതിനെതിരെ യാതൊരു നിയമവും നമ്മുടെ രാജ്യത്തില്ല. കൂണുപോലെ ആർക്കും എവിടെയും സ്ഥാപിക്കാവുന്ന ഒന്നായി ഇന്ന് ഭക്ഷണശാലകൾ മാറുകയാണ്. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടതും ഏറ്റവും കൂടുതൽ സൂക്ഷ്മതയുണ്ടാകേണ്ടതും ഇത്തരം കാര്യങ്ങളിലാണ്. അതിനൊരു നിയമനിർമ്മാണമില്ലെന്നുള്ള കാര്യം ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സുപ്രധാനമായൊരു കാര്യമാണ് സൂചിപ്പിച്ചത്. ഭക്ഷണത്തിന്റെ രുചികൂട്ടാൻവേണ്ടി അജിനാമോട്ടോ ഉപയോഗിക്കാറുണ്ട്. അതുപയോഗിക്കുമ്പോൾ ആമാശയ ക്യാൻസർ ഉണ്ടാകുമെന്നാണ് പറയുന്നത്. അമിതമായ രുചി ഒരു ഭക്ഷണത്തിനുണ്ടെങ്കിൽ അതിന് തകരാറുണ്ടാകും. വിഷാംശം കലർന്ന രാസവസ്തുക്കളുപയോഗിച്ച് ഭക്ഷണത്തിന് രുചിയുണ്ടാക്കുന്ന ഒരവസ്ഥ നമ്മുടെ സംസ്ഥാന

ത്തുണ്ട്. അതുകൊണ്ട് ഭക്ഷണങ്ങളുടെ ഗുണനിലവാരവും ഹോട്ടലുകളുടെ തരംതിരിക്കലും അത്യാവശ്യമാണ്. ആളുകൾക്ക് അവർ കൊടുക്കുന്ന പണത്തിനനുസരിച്ചുള്ള ഭക്ഷണം കിട്ടുന്നുണ്ടോ എന്നുള്ള .........

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ശ്രീ. പി. കെ. ബഷീർ പറഞ്ഞത് ഹോട്ടലുകൾ തരംതിരിച്ച് ഭക്ഷ്യവസ്തുക്കളുടെ വിലകൊണ്ടുവരണമെന്നാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഹോട്ടലുകളിൽ ഭക്ഷണം പാചകം ചെയ്യുന്നതിനുപയോഗിക്കുന്ന എണ്ണ, നെയ്യ് മുതലായ കാര്യങ്ങളുണ്ട്. ഏറ്റവും ഗുണനിലവാരം കുറഞ്ഞ നെയ്യും എണ്ണയുമാണ് കൂടുതലും ഉപയോഗിക്കുന്നത്. കേരളത്തിലെ വെളിച്ചെണ്ണ മില്ലുകളിൽ ആട്ടിയതിനുശേഷം അതിന് ഭാരം കൂടുന്നതിനുവേണ്ടി നിരവധി തവണ മായം ചേർക്കാറുണ്ട്. സാധനങ്ങൾ വറുക്കാനുപയോഗിക്കുന്ന എണ്ണ വീണ്ടും വീണ്ടും ഉപയോഗിക്കുകയാണ് ചെയ്യുന്നത്. പാചകം ചെയ്യാൻ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളിലുള്ള മായം പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. അത് തീർന്നാൽ പകുതി പ്രശ്നം തീരും. ഹോട്ടലുകളെ തരംതിരിക്കുമ്പോൾ ഭക്ഷണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയാണ് വേണ്ടത്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ശരിയായ പരിശോധന നടത്തിയാൽ പകുതി പ്രശ്നം തീരുമെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, അതുപോലെ ഉപയോഗിക്കുന്ന വെള്ളം വളരെ പ്രധാനപ്പെട്ടതാണ്. വാട്ടർ അതോറിറ്റി വഴി കൊടുക്കുന്ന വെള്ളമായാലും കിണറിലെ വെള്ളമായാലും ഹോട്ടലുകളിൽ ഉപയോഗിക്കുന്നവ ഒന്നുംതന്നെ ടെസ്റ്റ് ചെയ്യാറില്ല. പല ഹോട്ടലുകളിലും പതിമുഖത്തിന്റെ രൂപത്തിൽ കളറുള്ള ചുവന്ന ചൂടുവെള്ളം തരാറുണ്ട്. സുരക്ഷിതമായിരിക്കുമെന്ന് വിചാരിച്ചാണ് നമ്മളത് കുടിക്കുന്നത്. ശരിക്കും പതിമുഖം എന്ന സാധനം തന്നെ

വരുന്നില്ല. എന്തോ ചുവന്ന മഷിപോലുള്ള സാധനം പതിമുഖമാണെന്ന ധാരണയിൽ നമ്മൾ കുടിക്കുകയാണ് ചെയ്യുന്നത്. ഇന്നലെ രണ്ടുമൂന്ന് അംഗങ്ങൾക്ക്, എം.എൽ.എ. ക്വാർട്ടേഴ്സിലെ വെജിറ്റേറിയൻ ക്യാന്റീനിൽനിന്ന് ഭക്ഷണം കഴിച്ചതിനാൽ വോട്ടെടുപ്പിൽപോലും പങ്കെടുക്കാൻ കഴിയാത്ത അവസ്ഥ എനിക്കും ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദറിനുമുണ്ടായി. ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ ഇന്ന് ഇരിക്കാൻ വയ്യാത്തതിനാൽ നേരത്തെ പോയതാണ്. ഇത് സാന്ദർഭികമായി പറഞ്ഞതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, എം.എൽ.എ ഹോസ്റ്റലിലെ കാന്റീനിൽനിന്ന് മാത്രമല്ല നിയമസഭാ മന്ദിരത്തിലേയും അതുപോലെ മറ്റുസ്ഥലങ്ങളിലെ ക്യാന്റീനുകളിലും നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. പണം കൂടുതൽ കൊടുക്കാം, പക്ഷെ നല്ല ഭക്ഷണം ലഭ്യമാക്കണം. എം.എൽ.എ. ഹോസ്റ്റലിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ള ത്രിവേണിയിൽ വൃത്തിയുള്ള ഭക്ഷണ സാധനങ്ങൾ കൊടുക്കുന്നുണ്ട്, ഇതുവരെ ആക്ഷേപങ്ങളൊന്നും ഉണ്ടായിട്ടില്ല. ക്യാന്റീനുകളിൽ നിന്നും നല്ല ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാകണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

. ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഇന്നലെ എം.എൽ.എ. ഹോസ്റ്റലിലെ കാന്റീനിൽ ഉണ്ടായ സംഭവം ഇവിടെ പറയുകയുണ്ടായി. മുമ്പ് ശ്രീ. റ്റി. എ. അഹ്മദ് കബീറിനും ഇങ്ങനെയൊരനുഭവം ഉണ്ടായതാണ്. അതുകൊണ്ട് ഇവിടിരിക്കുന്ന പലരും കുറച്ചുനാളുകളായി അവിടത്തെ കാന്റീനിൽ നിന്നും ആഹാരം കഴിക്കാറില്ല. എം.എൽ.എ. ഹോസ്റ്റലിലെ ചന്ദ്രഗിരി ബ്ലോക്കിലെ

നാലാം നിലയിലെ 404–ാം നമ്പർ മുറിയിൽ ഒരു പക്ഷെ കേരളത്തിൽ എവിടെ നിന്നും കിട്ടുന്നതിനേക്കാൾ നല്ല ഭക്ഷണം ലഭിക്കും. ഏറ്റവും നല്ല കൊഞ്ചും ഞണ്ടും കരിമീനും കൊച്ചിയിൽനിന്നു തന്നെ മസാലയൊക്കെ പുരട്ടി തയ്യാറാക്കി കൊണ്ടുവന്ന് 404–ാം നമ്പർ മുറിയിൽ പാചകം ചെയ്യുകയാണ്. അത് കാന്റീനിൽനിന്ന് ഭക്ഷണം കഴിച്ചപ്പോഴുണ്ടായ അനുഭവത്താലാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മി. ചെയർമാൻ:</u> ശ്രീ. റ്റി.എൻ. പ്രതാപൻ, എല്ലാവർക്കും 404–ാം നമ്പർ മുറിയിൽ വരാൻ സാധിക്കുകയില്ലല്ലോ? പ്ലീസ്, ചർച്ചയുടെ ഗൗരവം കുറയ്ക്കരുത്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, ചർച്ചയുടെ ഗൗരവം കുറയ്ക്കുകയല്ല, ചർച്ചയ്ക്ക് പ്രചോദനമേകുകയാണ്. ജനപ്രതിനിധികൾക്ക് നല്ല ഭക്ഷണം കഴിക്കാൻ അവകാശമില്ലേ; ഇത് ഹൗസ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യമല്ലേ? ചില പ്രത്യേക താൽപ്പര്യങ്ങളുടെ പേരിലാണ് ചിലയാളുകൾക്ക് കാന്റീനുകൾ അനുവദിച്ചുകൊടുക്കുന്നത്. മോശമായ രീതിയിൽ കാന്റീൻ നടത്തുന്ന ഇത്തരം ആളുകളെ ഒഴിവാക്കി നല്ലരീതിയിൽ ഭക്ഷണം നൽകാൻ കഴിയുന്ന വരെ സെലക്ട് ചെയ്യുന്നതിന് ഹൗസ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ നിയമസഭാ കാന്റീനിലും എം.എൽ.എ. ക്വാർട്ടേഴ്സിലെ ക്യാന്റീനിലും മെച്ചപ്പെട്ട ഭക്ഷണം ലഭ്യമാക്കണം. ഇവിടെയുള്ളവർക്കുമാത്രം ഭക്ഷണം നൽകിയാൽ ക്യാന്റീൻ നടത്തുന്നവർക്ക് ലാഭമില്ലെങ്കിൽ പുറത്തുനിന്നുള്ള ആളുകൾക്കുകൂടി ഇവിടെ വന്ന് ഭക്ഷണം കഴിക്കാൻ അനുവാദം നൽകേണ്ടിയിരുന്നു. ബഹുമാനപ്പെട്ട ചെയർ ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, എം.എൽ.എ. മാർക്ക് മാത്രമല്ല സംസ്ഥാനത്തൊട്ടാകെയുള്ള ജനങ്ങൾക്ക് ഗുണനിലവാരമുള്ള നല്ല ഭക്ഷണം ലഭിക്കണമെന്നുള്ളതാണ് നമ്മുടെ ആവശ്യം. എം.എൽ.എ. ക്വാർട്ടേഴ്സിലെ ഒരു മുറിയിൽ ഭക്ഷണം പാകം ചെയ്യുന്ന കാര്യം ശ്രീ. റ്റി. എൻ. പ്രതാപൻ ഒരു ഉദാഹരണമായി സൂചിപ്പിച്ചതാണ്. ജനപ്രതിനിധികളായ എം.എൽ.എ. മാർ താമസിക്കുന്ന, ഏറ്റവും കൂടുതൽ സൗകര്യങ്ങളുള്ള എം.എൽ.എ. ക്വാർട്ടേഴ്സിലെ കാന്റീനിന്റെ അവസ്ഥയാണ് ശ്രീ. എം. ഉമ്മർ ഇവിടെ ചൂണ്ടിക്കാട്ടിയത്.

ശ്രീ. എം. ഉമ്മർ: സർ, സാന്ദർഭികമായി ഒരു കാര്യം പറയട്ടെ. കുഞ്ചൻ നമ്പ്യാർ മുമ്പ് പറഞ്ഞതാണ്, അദ്ദേഹത്തിന് പക്കത്ത് നിന്നായിരുന്നു ഊണ്. പക്കത്തെ ഊണ് വളരെ മോശമായിരുന്നു. പക്ഷെ അക്കാര്യം രാജാവിനോട് പറയാൻ സാധിക്കാത്തതുകൊണ്ട് ഒരു പശുവിന് വയറിളക്കമുണ്ടായപ്പോൾ അദ്ദേഹം ചോദിച്ചു– 'അല്ലയോ പശുവേ നിനക്കും പക്കത്ത് നിന്നാണോ ഊണ്?' ക്യാന്റീനിലെ സ്ഥിതിയും. അതുപോലെയാണ്.

ശ്രീ. പി.കെ. ബഷീർ: സർ, അതുപോലെ തന്നെ ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്യാൻ ഉപയോഗിക്കുന്ന എണ്ണകൾക്കും മസാലപ്പൊടികൾക്കും ക്വാളിറ്റി ഉണ്ടാകണം. ഹോട്ടലുകളിൽ ഉണ്ടാക്കുന്ന ഭക്ഷണ സാധനങ്ങളെയും കാറ്ററിംഗ് സർവ്വീസിനെയും വലിയ ഹോട്ടലുകളിൽ അമിതമായി ചാർജ് ഈടാക്കുന്നതിനെയും സംബന്ധിച്ചും, ഹോട്ടലുകളെ തരംതിരിച്ച് വില ഏകീകരണം ഉണ്ടാക്കുന്നതിനുമായി സർക്കാർ ഒരു ബിൽ കൊണ്ടുവരികയോ ഈ ബിൽ ഒരു നിയമമായി രൂപപ്പെടുത്തുകയോ ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളാണ് കൂടുതലും പ്രതിപാദിച്ചത്. എം.എൽ.എ ഹോസ്റ്റലിലെ 404-ാം നമ്പർ മുറിയിൽ ഒരു കൂട്ടായ്മയുണ്ടെന്നും അവർ അവിടെ ഭക്ഷണമുണ്ടാക്കുന്നുണ്ടെന്നും ഒരിക്കൽ ശ്രീ. വി.ഡി. സതീശൻ പറഞ്ഞത് ഞാൻ ഓർക്കുന്നു. തീർച്ചയായും ചെയർ ശ്രദ്ധിക്കേണ്ട കാര്യമെന്ന നിലയിൽ ഞാനും ഒരുകാര്യം അഭിപ്രായപ്പെട്ടുകൊള്ളട്ടെ, നിയമസഭയിലേയും എം.എൽ.എ. ഹോസ്റ്റലിലേയും കാന്റീനുകളെക്കുറിച്ച് ധാരാളം പരാതികൾ, കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ വരുമ്പോഴെല്ലാം അംഗങ്ങൾ ചൂണ്ടിക്കാട്ടാറുണ്ട്. ബില്ലിന്റെ ചർച്ച തന്നെ മാറിപ്പോയി. വില ഏകീകരണമാണ് ബില്ലിലൂടെ ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചതെങ്കിലും ഗുണനിലവാരത്തെക്കുറിച്ചാണ് ചർച്ചകൾ നീണ്ടുപോയത്. ഗുണനിലവാരം ഒരു പ്രധാന ഘടകമാണ്. ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരത്തിൽ കൃത്യത ഉറപ്പുവരുത്തേണ്ടത് ഏറ്റവും അനിവാര്യമായിരിക്കുന്നു. രോഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ മുഖ്യഘടകം ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങളും അതിൽ ഉപയോഗിക്കുന്ന ഇൻഗ്രീഡിയന്റ്സിന്റെ ഗുണനിലവാരമില്ലായ്മയുമാണെന്ന് പല ലേഖനങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്. ഹോട്ടലുകളേക്കാളേറെ ശ്രദ്ധിക്കേണ്ട ഒരു മേഖലയായി മാറിയിരിക്കുകയാണ് കാറ്ററിംഗ് സ്ഥാപനങ്ങൾ. കഴിഞ്ഞദിവസം എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ. മാർ അതാത് സ്ഥലത്തെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയപ്പോൾ കാറ്ററിംഗ് സ്ഥാപനങ്ങളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഇത്തരം സ്ഥാപനങ്ങൾ വെൽക്കം ഡ്രിങ്ക്സിന് ഉപയോഗിക്കുന്ന വെള്ളം നല്ല സോഴ്സിൽനിന്നും എടുക്കുന്നത

ല്ലെന്നാണ് ഡി.എം.ഒ. റിപ്പോർട്ട് ചെയ്തത്. ഒരു ഫങ്ഷന് വരുന്ന ആളുകൾ ആദ്യം കുടിക്കുന്നത് വെൽക്കം ഡ്രിങ്ക്സാണ്. കാറ്ററിംഗ് സ്ഥാപനങ്ങളിലെയും ഹോട്ടലുകളിലെയും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഒരു പ്രധാന ഘടകം തന്നെയാണ്. പണം കൂടുതൽ കൊടുത്താലും പ്രശ്നമില്ല ഗുണനിലവാരമുള്ള ഭക്ഷണസാധനങ്ങൾ ലഭിക്കണമെന്നാണ് ജനങ്ങൾ താൽപ്പര്യപ്പെടുന്നത്. എന്നാൽ വിലയുടെ കാര്യത്തിൽ അമിതമായ ചൂഷണത്തിന് വിധേയരാക്കാനും പാടില്ല. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് ആരോഗ്യവകുപ്പിന്റെ കീഴിൽ വരുന്നതാണ്. എന്നാൽ ഭക്ഷ്യവകുപ്പുമന്ത്രി എന്നനിലയിൽ ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ ഫോൺകോളുകളും വരുന്നത് എനിക്കാണെന്നുള്ളത് മറ്റൊരു രസകരമായ വസ്തുതയാണ്. എഫ്.എസ്.എസ്. ആക്ട് (ഫുഡ്സ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട്) പ്രകാരം ആരോഗ്യ വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ വളരെ കൃത്യമായി ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലുള്ള വിഭാഗം ഹോട്ടലുകളടക്കമുള്ള സ്ഥാപനങ്ങളിൽ വ്യാപകമായ റെയ്ഡുകളും പരിശോധനകളും നടത്തുന്നുണ്ട്. അതുകൊണ്ടുതന്നെ ഒരു പരിധിവരെ ഇത്തരത്തിലുള്ള കാര്യങ്ങൾ പരിശോധിക്കാൻ കഴിയുന്നുണ്ടെന്നാണ് ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിയുന്നത്. വില ഏകീകരണത്തെ സംബന്ധിച്ച ധാരാളം ചർച്ചകൾ ഇവിടെ നടന്നു. ബഹുമാനപ്പെട്ട അംഗം പ്രമേയം അവതരിപ്പിച്ച സമയത്തും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നു. വില ഏകീകരിക്കുക എന്നുള്ളത് ഗവൺമെന്റും ആഗ്രഹിക്കുന്നുണ്ട്. അതിനായുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലേക്ക് എത്തിയിരിക്കുകയാണ്. കാറ്ററിംഗ് സ്ഥാപനങ്ങളിലടക്കം ഹോട്ടലുകളിലെ

വില ഏകീകരിക്കണമെന്ന ചിന്തയിലേയ്ക്ക് ഗവൺമെന്റ് വരാനുള്ള കാരണം ഇന്ന് ഹോട്ടലുകളെ ആശ്രയിക്കുന്നവരുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നുവെന്നതാണ്. ബിസിനസ് കാര്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി യാത്രചെയ്യുന്നവരുടെ എണ്ണം മുമ്പുള്ളതിനേക്കാളേറെ വർദ്ധിച്ചിരിക്കുന്നു. സ്വാഭാവികമായും അതിനനുസരിച്ച് ഹോട്ടലുകളെ ആശ്രയിക്കുന്നവരുടെ എണ്ണവും കൂടുന്നുണ്ട്. ആ മേഖലയിലെ ചൂഷണം വളരെ വലുതാണെന്നുള്ളത് ഒരു വസ്തുതയാണ്. ഇത് വളരെയേറെ ചർച്ചകൾ ആവശ്യമായ ഒരു വിഷയമായിരുന്നു. ഇതുസംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്തുന്നതിനായി വിവിധതലങ്ങളിൽ ചർച്ചകൾ നടത്തി.. ഹോട്ടൽ വ്യാപാരികളുമായി മൂന്ന് പ്രാവശ്യം ഞാൻ നേരിട്ട് ചർച്ച നടത്തി. തീർച്ചയായും അവരുടെ ആശങ്കകൾ കൂടി ഈ നിയമം കൊണ്ടുവരുമ്പോൾ ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. വലിയൊരു വിഭാഗം തൊഴിലാളികൾ ജോലിചെയ്യുന്ന മേഖലയാണ് ഹോട്ടലുകൾ. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവും ലേബർ കോസ്റ്റിലുണ്ടാകുന്ന വർദ്ധനവുമടക്കം ധാരാളം കാര്യങ്ങൾ ഹോട്ടലുകളുടെ പ്രശ്നങ്ങളായി അവർ ചൂണ്ടിക്കാട്ടുകയുണ്ടായി. വില ഏകീകരിക്കുക എന്നതിനോടൊപ്പം ലാഭകരമായി ഹോട്ടൽ നടത്തിക്കൊണ്ടുപോകാനുള്ള സാഹചര്യവും ഉണ്ടാകേണ്ടതാണ്. ഒരു ബിസിനസും നഷ്ടത്തിൽകൊണ്ടുപോകാൻ കഴിയില്ല. ഹോട്ടൽ വ്യവസായികളുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പല അഭിപ്രായങ്ങളും ഉരുത്തിരിഞ്ഞുവന്നു. ഔട്ട്റേറ്റായി ഈ നിയമത്തെ അവർ എതിർത്തിട്ടില്ല. വില ഏകീകരിക്കണമെന്ന് പറയുമ്പോൾ ഒരു വ്യവസായത്തെ ബുദ്ധിമുട്ടിപ്പിക്കുകയെന്നതല്ല ലക്ഷ്യം വയ്ക്കുന്നത്, മറിച്ച് ഒരു വലിയ വിഭാഗം പൊതുജനത്തിന് നീതിയുക്തമായ സേവനം ലഭ്യമാക്കുക എന്നതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെന്ന് ഹോട്ടൽ വ്യാപാരി

കളുമായി നടന്ന ചർച്ചയിൽ ഞാൻ വ്യക്തമാക്കുകയുണ്ടായി. അളവിനും തൂക്കത്തിനുമനുസരിച്ച് വില ഏകീകരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആശയങ്ങൾ ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഇതിൽ നിന്നുമുള്ള നല്ല അഭിപ്രായങ്ങൾ തീർച്ചയായും സ്വീകരിക്കുവാനും തയ്യാറാണ്. നിയമ നിർമ്മാണം അന്തിമഘട്ടത്തിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ ഒരു ബില്ല് അവതരിപ്പിക്കുവാനും നിയമമാക്കുവാനും ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിനാൽ ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യം ഇപ്പോൾ ഇല്ല. ബിൽ പിൻവലിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. തീർച്ചയായും ഈ ബില്ലിന്റെ സ്പിരിറ്റ് ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്.

മി. ചെയർമാൻ: ശ്രീ. പി.കെ. ബഷീർ, അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല. ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതിനാൽ ഞാൻ ഈ ബിൽ പിൻവലിക്കുന്നു.

മി. ചെയർമാൻ: ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇന്ന് അജണ്ട നേരത്തെ പൂർത്തിയായിരിക്കുന്നു. സഹകരിച്ച മെമ്പർമാരോട് നന്ദി പറയുകയാണ്.

ഓർഡർ..... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.12-ന് പിരിഞ്ഞു.)

*******